ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി രണ്ട് ഹൈടെൻഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന് പി. ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ എഞ്ചിനീയർ നിർദ്ദേശിക്കുകയും ഇതിന് 22.9 ലക്ഷം രൂപ ചെലവുവരുമെന്നു കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസിലെ പോസ്റ്റ് ക്രിയേഷൻ

145 [146] ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് സർവ്വീസിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടോ;

(ബി) പുതുതായി പോസ്റ്റുകൾ സൃഷ്ടിക്കാൻ പാടില്ല എന്ന ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നിലനിൽക്കെ ഇപ്രകാരമൊരു പോസ്റ്റ് സൃഷ്ടിക്കുവാനുള്ള കാരണമെന്ത്;

(ഡി) ഈ പോസ്റ്റിലേക്ക് ആരെയാണ് നിയമിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുതയാൾ നേഴ്സിംഗ് സർവ്വീസിലെ ഏറ്റവും സീനിയറായിട്ടുള്ള ആളാണോ;

(എഫ്) അല്ലാത്തപക്ഷം സീനിയറായിട്ടുള്ള ആളിനെ തഴഞ്ഞ് ജൂനിയറെ നിയമിക്കാനുള്ള കാരണമെന്തെന്ന് പറയുമോ;

(ജി) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് സർവ്വീസ് തസ്തികയിലേക്കുള്ള നിയമനത്തിനുള്ള സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിലെ സീനിയറിനെയാണോ ആ പോസ്റ്റിൽ നിയമിച്ചിട്ടുള്ളത്;

(ഐ) സെലക്ട് ലിസ്റ്റ് ഇല്ലാത്തപക്ഷം സർവ്വീസിലെ സീനിയറായിട്ടുള്ളയാളിന് കൊടുക്കാതെ ജൂനിയറിനെ ആ പോസ്റ്റിലേക്ക് നിയമിച്ചതെന്തുകൊണ്ടെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് നേഴ്സിംഗ് കോളേജിൽ നിന്നും ഒരു പ്രൊഫസർ തസ്തിക രണ്ടു വർഷത്തേക്ക് താല്കാലികമായി "ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ" എന്ന് പുനർനാമകരണം ചെയ്ത് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലേക്ക് മാറ്റിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക പുതുതായി സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള പ്രൊഫസർ തസ്തിക പുനർനാമകരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി) നിലവിലുണ്ട്.

(സി) (എ) പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രീമതി സലോമി ജോർജിനെയാണ് നിയമിച്ചത്.

(ഇ) അതെ.

(എഫ്) ബാധകമല്ല.

(ജി) നേഴ്സിംഗ് കോളേജിലെ പ്രൊഫസർമാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ തസ്തിക പ്രൊഫസർ തസ്തികയുടെ താല്കാലിക പുനർ നാമകരണം ആയതിനാൽ ഇതിന് പ്രത്യേക സെലക്ട് ലിസ്റ്റ് ബാധകമല്ല.

(എച്ച്) നഴ്സിംഗ് പ്രൊഫസർമാരിൽ സീനിയറിനെയാണ് നിയമിച്ചിട്ടുള്ളത്.

(ഐ) ബാധകമല്ല.

നേഴ്സിംഗ് കോളേജിൽനിന്നും പ്രൊഫസർ തസ്തികകൾ ഷിഫ്റ്റ് ചെയ്ത സംഭവം

146 [147] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, എം. മുരളി:

,, എ. സുജനപാൽ:

,, എൻ. ശക്തൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് നേഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്; അവ ഏതെല്ലാം;



LIBRARY ARCHIVES Kerala Legislative Assembly